പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2927 18.06.2018 ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ.അബ്ദു റബ്ബ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>ഡോ.എം. കെ. മുനീർ | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും<br>വകുപ്പുമന്ത്രി) |

## ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള ഭൂമി തിരിച്ചുപിടിക്കാനുള്ള ഉത്തരവ്

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള മുപ്പത് ഏക്കറോളം വരുന്ന ഭൂമി തിരിച്ചുപിടിക്കാനുള്ള സർക്കാർ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (എ)ഹാരിസൺ മലയാളം ലിമിറ്റഡും അവരിൽ നിന്ന് ഭൂമി വാങ്ങിയ വൻകിട കമ്പനികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന 30,019.95 ഏക്കർ സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനുവേണ്ടി സ്പെഷ്യൽ ഓഫീസർ & കളക്ടർ ഗവ.ലാൻഡ് റിസംപ്ഷൻ പുറപ്പെടുവിച്ച ഉത്തരവ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് റദ്ദാക്കിയിട്ടുണ്ട്. |
| (ബി) | ഈ കേസിൽ ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ എന്തെല്ലാമാണ്; | (ബി)കെ.എൽ.സി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്കു ടി കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും നേടിയിട്ടുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച ഉത്തരവുകളും രേഖകളും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കാൻ അധികാരമില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഏറ്റെടുക്കൽ ഉത്തരവുകൾ റദ്ദാക്കിയിട്ടുള്ളത്. എന്നാൽ പ്രസ്തുത കമ്പനികൾക്ക് ഉടമസ്ഥാവകാശം ഉണ്ടെന്ന് തങ്ങൾ കണ്ടെത്തിയിട്ടില്ലെന്നും, ഉടമസ്ഥാവകാശം പരിശോധിച്ചിട്ടില്ലെന്നും ബഹു.ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ടി കമ്പനികൾ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ തെറ്റായും നിയമവിരുദ്ധമായും സമ്പാദിച്ചതാണെന്ന് സർക്കാരിന് വാദമുണ്ടെങ്കിൽ അവ റദ്ദാക്കുന്നതിനുള്ള ഉചിതമായ നടപടികൾ |

| | | |
|---|---|---|
| | | കൈക്കൊള്ളേണ്ടതാണെന്നും ഇതിനായി കെ.എൽ.സി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക അധികാരമില്ലായെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് സർക്കാരിന് വേണമെങ്കിൽ സിവിൽ കോടതിയെ സമീപിക്കാവുന്നതാണെന്നും കോടതിയുടെ പ്രധാന നിരീക്ഷണങ്ങളിലുണ്ട്. |
| (സി) | സർക്കാർ ഭൂമി നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം മേൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) ബഹു. ഹൈക്കോടതിയുടെ 11/4/2018 ലെ WP(C)33122/14-ലെ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ താത്പര്യങ്ങൾക്ക ഹാനികര മായിട്ടുള്ളതാകായാൽ ടി വിധിക്കെതിരെ ബഹു.സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനു അഡ്വക്കേറ്റ് ജനറലിനു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ